| 02–03–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ഈ ജ്ഞാനം തികച്ചും ശാന്തിയുടേതാണ്, ഇതിൽ ഒന്നും സംസാരിക്കേണ്ടതില്ല കേവലം ശാന്തിസാഗരനായ ബാബയെ ഓർമ്മിച്ചാൽ മാത്രം മതി.**

**ചോദ്യം –** ഉന്നതിയുടെ ആധാരമെന്താണ്? ബാബയുടെ പഠിപ്പിനെ എപ്പോൾ ധാരണ ചെയ്യാൻ സാധിക്കും?
**ഉത്തരം –** ഉന്നതിയുടെ ആധാരമാണ് സ്നേഹം, ഒരേയൊരു ബാബയോട് സത്യമായ സ്നേഹം ഉണ്ടാകണം. സമീപത്തിരുന്നിട്ടും ഉന്നതി ഉണ്ടാകുന്നില്ല എങ്കിൽ സ്നേഹത്തിന്റെ കുറവാണ് കാരണം. സ്നേഹമുണ്ടെങ്കിൽ ബാബയെ ഓർമ്മിക്കും. ഓർമ്മിക്കുന്നതിലൂടെ എല്ലാ പഠിപ്പിനെയും ധാരണ ചെയ്യാൻ സാധിക്കും. ഉന്നതിയ്ക്കായി തന്റെ സത്യം സത്യമായ ചാർട്ട് എഴുതൂ. ബാബയോട് ഏതൊരു കാര്യവും മറച്ച് വെക്കരുത്. ആത്മാഭിമാനിയായി സ്വയം തന്റെ ഉദ്ധാരണം നടത്തികൊണ്ടിരിക്കൂ.

**ഓം ശാന്തി**. കുട്ടികളേ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ഇരിക്കൂ ഒപ്പം ബാബയെ ഓർമ്മിക്കൂ. ബാബ പറയുന്നു ഏതെങ്കിലും സഭയിൽ പ്രഭാഷണം നടത്തുമ്പോൾ ഇടയ്ക്കിടെ ചോദിക്കൂ നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നുണ്ടോ അതോ ദേഹമാണെന്നാണോ കരുതുന്നത്? സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ഇവിടെ ഇരിക്കൂ. ആത്മാവ് തന്നെയാണ് പുനർജന്മങ്ങളിലേയ്ക്ക് വരുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പരമപിതാ പരമാത്മാവിനെ ഓർമ്മിക്കൂ. ബാബയെ ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് നിങ്ങളുടെ വികർമ്മം വിനാശമാകുന്നത്, ഇതിനെ യോഗാഗ്നി എന്ന് പറയുന്നു. നിരാകാരനായ ബാബ നിരാകാരി കുട്ടികളോട് പറയുന്നു – എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും, നിങ്ങൾ പാവനമായിത്തീരും. പിന്നീട് നിങ്ങൾ മുക്തി, ജീവന്മുക്തി നേടും. എല്ലാവർക്കും തീർച്ചയായും മുക്തിക്ക് ശേഷം ജീവന്മുക്തിയിലേയ്ക്ക് പോകുക തന്നെവേണം. അതിനാൽ ഇടയ്ക്കിടെ ഇത് പറയേണ്ടി വരുന്നു ഞാൻ ആത്മാവാണ് എന്ന നിശ്ചയത്തിൽ ഇരിക്കൂ. സഹോദരീ സഹോദരന്മാരേ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഈ ആജ്ഞ ബാബ തന്നെയാണ് നൽകുന്നത്. ഇത് ഓർമ്മയുടെ യാത്രയാണ്. ബാബ പറയുന്നു എന്നോടൊപ്പം ബുദ്ധിയോഗം വെക്കുകയാണെങ്കിൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഭസ്മമായിത്തീരും. ഇത് ഇടയ്ക്കിടെ നിങ്ങൾ ഓർമ്മിപ്പിക്കണം, മനസ്സിലാക്കി കൊടുക്കണം. എന്നാൽ മാത്രമേ ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണെന്ന് അവർ മനസ്സിലാക്കൂ. അവിനാശീ ആത്മാവാണ് വിനാശീ ദേഹം ധാരണ ചെയ്ത് പാർട്ടഭിനയിച്ച് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുക്കുന്നത്. ആത്മാവിന്റെ സ്വധർമ്മം ശാന്തിയാണ്. തന്റെ സ്വധർമ്മം പോലും അറിയുന്നില്ല. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ഇതാണ് മുഖ്യമായ കാര്യം. ആദ്യം നിങ്ങൾ കുട്ടികളാണ് ഈ പരിശ്രമം ചെയ്യേണ്ടത്. പരിധിയില്ലാത്ത അച്ഛൻ ആത്മാക്കളോട് പറയുന്നു, ഇതിൽ ശാസ്ത്രങ്ങളുടെ ഒന്നും ആവശ്യമില്ല. മുഖ്യമായ കാര്യം ഇതാണ്. ഏറ്റവും ആദ്യം നിങ്ങൾ കുട്ടികൾ ഈ പരിശ്രമം ചെയ്യണം. പരിധിയില്ലാത്ത അച്ഛൻ ആത്മാക്കളോട് പറയുന്നു, ഇതിൽ ഏതെങ്കിലും ശാസ്ത്രങ്ങൾ ഉയർത്തിപ്പിടിക്കേണ്ട കാര്യമൊന്നുമില്ല. നിങ്ങൾ ഗീതയുടെ ഉദാഹരണം നൽകുമ്പോഴും പറയും നിങ്ങൾ ഗീത മാത്രം എന്തുകൊണ്ട് ഉയർത്തിക്കാണിക്കുന്നു, വേദങ്ങളുടെ പേര് എന്തുകൊണ്ട് പറയുന്നില്ല. ബാബ പറയുന്നു – വേദം ഏത് ധർമ്മത്തിന്റെ ശാസ്ത്രമാണ് എന്ന് അവരോട് ചോദിക്കൂ.(ആര്യ ധർമ്മത്തിന്റേതെന്ന് പറയും) ആര്യൻ എന്ന് ആരെയാണ് പറയുന്നത്? ഹിന്ദുധർമ്മമല്ല. ആദി സനാതനധർമ്മം ദേവീ ദേവതാധർമ്മമാണ്. പിന്നെ ആര്യന്മാർ എന്നത് ഏത് ധർമ്മമാണ്. ആര്യന്മാർ എന്നത് ആര്യ സമാജക്കാരുടെ ധർമ്മമാകാം. ആര്യധർമ്മം എന്ന പേരേ ഇല്ല. ആര്യധർമ്മം ആര് സ്ഥാപിച്ചു? നിങ്ങൾ വാസ്തവത്തിൽ ഗീതയെപ്പോലും ഉയർത്തിപ്പിടിക്കേണ്ടതില്ല. ആദ്യത്തെ കാര്യം – സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സതോപ്രധാനമായിത്തീരും. ഈ സമയം എല്ലാവരും തമോപ്രധാനമാണ്. ആദ്യം ബാബയുടെ പരിചയം നൽകണം. ബാബയുടെ മഹിമയും ചെയ്യണം. ഇത് നിങ്ങൾക്ക് പറയാൻ കഴിയണ മെങ്കിൽ നിങ്ങൾ സ്വയം ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കണം. കുട്ടികളിൽ ഈ കാര്യത്തിന്റെ കുറവ് കാണുന്നുണ്ട്.

ബാബ എപ്പോഴും പറയാറുണ്ട് ഓർമ്മയുടെ ചാർട്ട് വെക്കൂ എന്ന്. ഓരോരുത്തരും അവനവന്റെ ഹൃദയ ത്തോട് ചോദിക്കൂ – ഞാൻ എത്രമാത്രം ഓർമ്മിക്കുന്നുണ്ട്? നിങ്ങൾ കുട്ടികളുടെ മനസ്സിൽ അളവറ്റ സന്തോഷം ഉണ്ടാകണം. നിങ്ങൾക്ക് ഉള്ളിന്റെ ഉള്ളിൽ സന്തോഷമുണ്ടെങ്കിൽ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുമ്പോൾ പ്രഭാവമുണ്ടാകും. വളരെ മുഖ്യമായ കാര്യം ഇതാണ് പറയേണ്ടത്– സഹോദരീ സഹോദരന്മാരേ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇങ്ങിനെ മറ്റ് ഏതൊരു

സത്സംഗത്തിലും പറയില്ല. വാസ്തവത്തിൽ സത്സംഗങ്ങളൊന്നുമില്ല. സത്യമായ സംഗം ഒന്ന് മാത്രമാണ്. ബാക്കി എല്ലാം കുസംഗമാണ്. ഇവിടെ തികച്ചും പുതിയ കാര്യമാണ്. വേദങ്ങളിൽ നിന്ന് ധർമ്മങ്ങളൊന്നും ഉണ്ടാകുന്നില്ല. പിന്നെ നമ്മളെന്തിന് വേദങ്ങൾ ഉയർത്തിപ്പിടിക്കണം. ആരിലും ഈ ജ്ഞാനമില്ല. സ്വയം ഇതല്ല ഇതല്ല എന്ന് പറയും അർത്ഥം ഞങ്ങൾക്കറിയില്ല. അപ്പോൾ നാസ്തികരല്ലേ. ഇപ്പോൾ ബാബ സ്വയം പറയുന്നു ആസ്തികരാകൂ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഈ കാര്യങ്ങൾ ഗീതയിൽ ഉണ്ട്. വേദങ്ങളിലില്ല. വേദങ്ങളും, ഉപനിഷത്തുകളും ധാരാളമുണ്ട്. അത് ഏത് ധർമ്മത്തിന്റെ ശാസ്ത്രമാണ്? മനുഷ്യർ അവരവരുടെ അഭിപ്രായങ്ങൾ പറയുന്നു . നിങ്ങൾക്ക് ആരിൽ നിന്നും ഒന്നും കേൾക്കേണ്ടതില്ല. ബാബ സഹജമായി മനസ്സിലാക്കിത്തരുന്നു – സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ പാവനമാകും അതിനാൽ ലോകത്തിന്റെ ചരിത്രവും, ഭൂമിശാസ്ത്രവും മനസ്സിലാക്കണം. നിങ്ങളുടെ ഈ ത്രിമൂർത്തിയുടെയും സൃഷ്ടി ചക്രത്തിന്റെയും ചിത്രമാണ് മുഖ്യം, ഇതിൽ എല്ലാ ധർമ്മങ്ങളും വരുന്നു. ഏറ്റവും ആദ്യം ദേവീദേവതാ ധർമ്മമാണ്. ബാബ പറയുന്നു – ത്രിമൂർത്തികളും സൃഷ്ടി ചക്രവും വലുതായി ഉണ്ടാക്കി ഡൽഹിയിലെ മുഖ്യ സ്ഥാനത്ത് വെക്കണം, ധാരാളം പേർ വരികയും പോകുകയും ചെയ്യുന്ന സ്ഥലത്ത് വെക്കൂ. ടിൻ ഷീറ്റിലായിരിക്കണം ഉണ്ടാക്കേണ്ടത്. ഏണിപ്പടിയിൽ മറ്റ് ധർമ്മത്തിലുള്ളവരൊന്നും വരുന്നില്ല. മുഖ്യമായത് ഈ രണ്ട് ചിത്രങ്ങളാണ്. ഇതിലാണ് മനസ്സിലാക്കിക്കൊടുക്കേണ്ടതും. ഏറ്റവും ആദ്യം ബാബയുടെ പരിചയം നൽകണം. ബാബയിൽ നിന്ന് തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. ഈ കാര്യത്തിൽ നിശ്ചയം ചെയ്യിക്കാതെ നിങ്ങളുടെ മറ്റൊരു കാര്യവും അവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ഒരു ബാബയെത്തന്നെ മനസ്സിലാക്കുന്നില്ല എങ്കിൽ പിന്നെ മറ്റ് ചിത്രങ്ങളിലേക്ക് കൊണ്ടുപോകുന്നത് വ്യർത്ഥമാണ്. ഈശ്വരനെ മനസ്സിലാക്കാതെ മറ്റൊന്നും മനസ്സിലാകില്ല. ബാബയുടെ പരിചയത്തെക്കുറിച്ചല്ലാതെ മറ്റ് കാര്യങ്ങളെ കുറിച്ചൊന്നും തന്നെ സംസാരിക്കേണ്ടതില്ല. ബാബയിൽ നിന്ന് തന്നെയാണ് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. ബാബ ശ്രദ്ധിക്കുന്നുണ്ട്, ഇത്രയും സഹജമായ കാര്യം തന്നെ എന്തുകൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നില്ല. നിങ്ങൾ ആത്മാക്കളുടെ അച്ഛൻ ശിവഭഗവാനാണ്, ശിവബാബയിൽ നിന്നുതന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. നിങ്ങളെല്ലാവരും പരസ്പരം സഹോദരങ്ങളാണ്. ഈ കാര്യം മറക്കുമ്പോൾ തമോപ്രധാനമായിത്തീരുന്നു. ഇപ്പോൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സതോപ്രധാനമായി മാറും. മുഖ്യമായ കാര്യം രചയിതാവിനേയും രചനയേയും അറിയുക എന്നതാണ്. ഇതാരും മനസ്സിലാക്കുന്നില്ല. ഋഷി–മുനിമാർക്കു പോലും അറിയുമായിരുന്നില്ല. അതിനാൽ ആദ്യം ബാബയുടെ പരിചയം നൽകി എല്ലാവരേയും ആസ്തികരാക്കണം. ബാബ പറയുന്നു എന്നെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ എല്ലാം മനസ്സിലാക്കും. എന്നെ അറിയുന്നില്ല എങ്കിൽ നിങ്ങൾ ഒന്നും മനസ്സിലാക്കില്ല. വെറുതെ നിങ്ങളുടെ സമയം പാഴാക്കുകയാണ്. ഡ്രാമയനുസരിച്ച് ഉണ്ടാക്കിയ ചിത്രങ്ങൾ എല്ലാം ശരിതന്നെയാണ്. എന്നാൽ നിങ്ങൾ ഇത്രയും പരിശ്രമിച്ചിട്ടും ആരുടെ ബുദ്ധിയിലും ഇരിക്കുന്നില്ല. ബാബാ ഞങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ എന്ന് കുട്ടികൾ ചോദിക്കുന്നു. ബാബ ഉടനെ പറയും– ഉണ്ട്, തെറ്റുണ്ട്. അല്ലാഹുവിനെപ്പോലും മനസ്സിലാക്കിയില്ലാ എങ്കിൽ ഉടനെ അവരെ മടക്കി പറഞ്ഞയച്ചോളൂ. പറയൂ ഏതുവരെ ബാബയെ മനസ്സിലാക്കുന്നില്ലയോ അതുവരെ നിങ്ങളുടെ ബുദ്ധിയിൽ ഒന്നും തന്നെ ഇരിക്കില്ല. നിങ്ങളും ദേഹീ അഭിമാനീ സ്ഥിതിയിൽ അല്ലായെങ്കിൽ വികാരി ദൃഷ്ടിയുണ്ടാകുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുമ്പോഴാണ് ദൃഷ്ടി നിർവ്വികാരിയാകുന്നത്. ദേഹീ അഭിമാനിയാകുകയാണെങ്കിൽ നിങ്ങളുടെ കണ്ണുകൾ ചതിക്കില്ല. ദേഹീ അഭിമാനിയായില്ലാ എങ്കിൽ മായ ചതിച്ചുകൊണ്ടിരിക്കും അതിനാൽ ആദ്യം ആത്മാഭിമാനിയാകണം. ബാബ പറയുന്നു നിങ്ങളുടെ ചാർട്ട് കാണിക്കുകയാണെങ്കിൽ മനസ്സിലാകും. ഇപ്പോഴും അസത്യവും, പാപവും, കോപവും എല്ലാം ഉണ്ടെങ്കിൽ തന്റെതന്നെ സത്യനാശം ചെയ്യുകയാണ്. ബാബ ചാർട്ട് നോക്കി മനസ്സിലാക്കുന്നു ഇവർ സത്യമാണോ എഴുതിയിരിക്കുന്നത് അതോ അർത്ഥം പോലും അറിയുന്നില്ലേ. ബാബ എല്ലാ കുട്ടികളോടും പറയുന്നു ചാർട്ട് എഴുതൂ. ഏത് കുട്ടികളാണോ യോഗത്തിൽ ഇരിക്കാത്തത് അവർക്ക് സേവനവും ചെയ്യാൻ സാധിക്കില്ല. രത്നങ്ങൾ നിറയുന്നില്ല. ബാബ പറയുന്നു കോടികളിൽ ചിലർ മാത്രം വരും, എന്നാൽ നിങ്ങൾ യോഗം ചെയ്യുന്നില്ല എങ്കിൽ പിന്നെ മറ്റുള്ളവരോട് എങ്ങിനെ പറയും.

സന്യാസിമാർ സുഖം കാക്ക കാഷ്ഠം പോലെയാണെന്ന് പറയാറുണ്ട്. അവർ സുഖത്തിന്റെ പേരുപോലും പറയാറില്ല. ഭക്തി അളവറ്റതാണെന്ന് നിങ്ങൾക്കറിയാം, ഭക്തിയിൽ എന്തൊരു ശബ്ദമാണ്, നിങ്ങളുടെ ജ്ഞാനം ശാന്തിയുടേതാണ്. ശാന്തിസാഗരൻ ബാബ തന്നെയാണെന്ന് പറയൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ബാബ പറയുന്നു മന്മനാഭവ. ഈ പദം പോലും പറയേണ്ടതില്ല. ഹിന്ദുസ്ഥാനിലെ ഭാഷ ഹിന്ദിയാണ്. പിന്നെ വേറോരു സംസ്കൃത ഭാഷ എന്തിനാണ്? ഇപ്പോൾ ഈ ഭാഷകളെല്ലാം ഉപേക്ഷിക്കൂ. ആദ്യം നിങ്ങൾ സ്വയം ആത്മാവാണെന്ന കാര്യത്തെക്കുറിച്ച് പ്രഭാഷണം നടത്തൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കാത്തവരും, ഓർമ്മിക്കാത്തവരുമായി ധാരാളം പേരുണ്ട്.

തന്റെ നഷ്ടത്തെ ആരും മനസ്സിലാക്കുന്നില്ല. ബാബയുടെ ഓർമ്മയിലൂടെയാണ് മംഗളമുണ്ടാകുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്ന് മറ്റ് സത്സംഗങ്ങളിലൊന്നും പറയുന്നില്ല. ലൗകികത്തിൽ പോലും കുട്ടികൾ എപ്പോഴെങ്കിലും അച്ഛനെ ഒരു സ്ഥലത്ത് മാത്രമിരുന്ന് ഓർമ്മിക്കുമോ. നടക്കുമ്പോഴും കറങ്ങുമ്പോഴും അച്ഛന്റെ ഓർമ്മയിൽ തന്നെയായിരിക്കും. ആത്മാഭിമാനിയാകുന്നതിനുള്ള അഭ്യാസം ചെയ്യണം. നിങ്ങൾ വളരെയധികം സംസാരിക്കുന്നുണ്ട്. ഇത്രയും സംസാരിക്കേണ്ട ആവശ്യമില്ല. മുഖ്യമായ കാര്യം ഓർമ്മയുടെ യാത്രയാണ്. യോഗാഗ്നിയിലൂടെ മാത്രമാണ് നിങ്ങൾ പാവനമാകുന്നത്. ഈ സമയം എല്ലാവരും ദു:ഖികളാണ്. പാവനമാകുന്നതിലൂടെയാണ് സുഖം ലഭിക്കുന്നത്. നിങ്ങൾ ആത്മാഭിമാനിയായി മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ അവരിൽ ജ്ഞാനബാണം തറയ്ക്കും. സ്വയം വികാരിയായവരാണ് മറ്റുള്ളവരോട് നിർവ്വികാരിയാകൂ എന്ന് പറഞ്ഞ് കൊടുക്കുന്നത് എങ്കിൽ അവരിൽ ബാണം ഏൽക്കില്ല. ബാബ പറയുന്നു - കുട്ടികളേ, നിങ്ങൾ സ്വയം ഓർമ്മയുടെ യാത്രയിലിരിക്കുന്നില്ല അതിനാൽ അമ്പ് ലക്ഷ്യത്തിൽ ഏൽക്കുന്നില്ല.

ഇപ്പോൾ ബാബ പറയുന്നു കഴിഞ്ഞത് കഴിഞ്ഞു. ആദ്യം സ്വയം പരിവർത്തനപ്പെടൂ. ഞാൻ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എത്ര സമയം ബാബയെ ഓർമ്മിക്കുന്നു എന്ന് മനസ്സിനോട് ചോദിക്കൂ. ബാബയാണ് നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കുന്നത്. നമ്മൾ ശിവബാബയുടെ മക്കളാണ്, അതിനാൽ തീർച്ചയായും നമുക്ക് വിശ്വത്തിന്റെ അധികാരിയാകണം. ആ ഒരേയൊരു പ്രിയതമൻ വന്ന് നിങ്ങളുടെ മുന്നിൽ നിൽക്കുന്നു, അതിനാൽ വളരെ സ്നേഹം ഉണ്ടാകണം. സ്നേഹം എന്നാൽ ഓർമ്മ. വിവാഹം കഴിഞ്ഞാൽ പത്നിക്ക് പതിയോട് എത്ര സ്നേഹമുണ്ടാകും. നിങ്ങളുടേയും വിവാഹനിശ്ചയമാണ് കഴിഞ്ഞത്, അല്ലാതെ വിവാഹമല്ല. വിവാഹം വിഷ്ണുപുരിയിലേക്ക് പോകുമ്പോഴാണ്. ആദ്യം ശിവബാബയുടെ അടുത്തേയ്ക്ക് പോകും പിന്നീട് ഭർതൃ ഗൃഹത്തിലേയ്ക്ക് പോകും. വിവാഹ നിശ്ചയം കഴിഞ്ഞാലുണ്ടാകുന്ന സന്തോഷം ചെറുതൊന്നുമല്ലല്ലോ . വിവാഹ നിശ്ചയം കഴിഞ്ഞു ഓർമ്മ പക്കയായി. സത്യയുഗത്തിലും വിവാഹ നിശ്ചയമുണ്ടാകുന്നു. എന്നാൽ അവിടെ വിവാഹ ബന്ധം ഒരിക്കലും മുറിഞ്ഞു പോകുന്നില്ല. ദുർമരണം സംഭവിക്കുന്നില്ല. അതെല്ലാം ഇവിടെയാണ് ഉണ്ടാകുന്നത്. നിങ്ങൾ കുട്ടികളും ഗൃഹസ്ഥ വ്യവഹാരത്തിലിരുന്ന് പവിത്രമാകണം. വളരെ സമീപത്ത് ഇരുന്നിട്ടും ഉന്നതി ഉണ്ടാകുന്നില്ല. ആരാണോ വളരെയധികം സ്നേഹത്തോടെ വരുന്നത് അവർക്ക് വളരെ ഉന്നതിയുണ്ടാകുന്നു. ഓർമ്മ തന്നെ ഇല്ലാ എങ്കിൽ സ്നേഹവും ഉണ്ടാകുന്നില്ല. അതിനാൽ ബാബ പഠിപ്പിക്കുന്നതിനെ ധാരണ ചെയ്യാനും സാധിക്കുന്നില്ല.

ഭഗവാൻ പറയുന്നു - ആദി മദ്ധ്യ അന്ത്യം ദു:ഖം നൽകുന്ന കാമം മഹാശത്രുവാണ് എന്ന സന്ദേശം നിങ്ങൾ കുട്ടികൾ എല്ലാവർക്കും നൽകൂ. നിങ്ങൾ സത്യയുഗത്തിലെ പവിത്രമായ അധികാരികളായിരുന്നു. ഇപ്പോൾ നിങ്ങൾ അധ:പതിച്ച് അഴുക്കുള്ളവരായിത്തീർന്നു. ഇപ്പോൾ ഈ അന്തിമ ജന്മത്തിൽ വീണ്ടും പവിത്രമാകൂ. കാമ ചിതയുടെ സംബന്ധം ഇല്ലാതാക്കൂ. നിങ്ങൾ കുട്ടികൾ യോഗാവസ്ഥയിലിരുന്ന് കൊണ്ട് മറ്റുള്ളവരോട് സംസാരിക്കുമ്പോൾ അവരുടെ ബുദ്ധിയിലിരിക്കും. ജ്ഞാനമാകുന്ന വാളിൽ യോഗത്തിന്റെ മൂർച്ച വേണം. ഏറ്റവും ആദ്യത്തെ മുഖ്യമായ കാര്യം ഒന്ന് മാത്രമാണ്. കുട്ടികൾ പറയുന്നു - ബാബാ, ഞങ്ങൾ വളരെയധികം പരിശ്രമിച്ചിട്ടും ആരും വരുന്നില്ല. ബാബ പറയുന്നു യോഗാവസ്ഥയിലിരുന്ന് മനസ്സിലാക്കിക്കൊടുക്കൂ. ഓർമ്മയുടെ യാത്രയിൽ പരിശ്രമിക്കൂ. രാവണനോട് പരാജയപ്പെട്ട് വികാരിയായി, ഇപ്പോൾ നിർവ്വികാരിയാകൂ. ബാബയുടെ ഓർമ്മയിലൂടെ നിങ്ങളുടെ എല്ലാ മനോകാമനകളും പൂർത്തിയാകും. ബാബ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. ബാബ ധാരാളം നിർദ്ദേശങ്ങൾ നൽകുന്നുണ്ട് എന്നാൽ കുട്ടികൾ നല്ല രീതിയിൽ പിടിച്ചെടുക്കുന്നില്ല, മറ്റ് കാര്യങ്ങളിലേക്ക് പോകുന്നു. മുഖ്യമായും ബാബയുടെ സന്ദേശം നൽകൂ. എന്നാൽ സ്വയം ഓർമ്മയിലിരിക്കുന്നില്ല എങ്കിൽ മറ്റുള്ളവരോട് എങ്ങിനെ പറയും. ഇവിടെ ചതി നടക്കില്ല. വികാരത്തിലേക്ക് പോകാതിരിക്കൂ എന്ന് മറ്റുള്ളവരോട് പറഞ്ഞിട്ട് സ്വയം പോകുന്നു, എങ്കിൽ തീർച്ചയായും ഹൃദയം വേദനിക്കും. ഇങ്ങനെയുള്ള ചതിയും നടക്കുന്നുണ്ട് അതിനാൽ ബാബ പറയുന്നു മുഖ്യമായ കാര്യം ഈശ്വരന്റെ പരിചയമാണ്. ഈശ്വരനെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ എല്ലാം മനസ്സിലാക്കും. ഈശ്വരനെ മനസ്സിലാക്കാത്തതു വരെയും നിങ്ങൾ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം –**

1. ബാബയെ ഓർമ്മിക്കുന്നതിന്റെ ആന്തരീക സന്തോഷത്തിലിരുന്ന് മറ്റുള്ളവർക്കും ബാബയുടെ പരിചയം നൽകണം, എല്ലാവരേയും ഒരേയൊരു ബാബയുടെ മഹിമ കേൾപ്പിക്കണം.

2. ആത്മാഭിമാനിയാകുന്നതിന്റെ അഭ്യാസം വളരെയധികം ചെയ്യണം, കൂടുതൽ സംസാരിക്കരുത്. കഴിഞ്ഞത് കഴിഞ്ഞു എന്ന് ചിന്തിച്ച് സ്വയത്തെ ഉദ്ധരിക്കണം. ഓർമ്മയുടെ യാത്രയുടെ സത്യമായ ചാർട്ട് വെക്കണം.

**വരദാനം:– ബ്രാഹ്മണ ജീവിതത്തിൽ വൈവിദ്ധ്യമായ അനുഭൂതികളിലൂടെ രമണീകതയുടെ അനുഭവം ചെയ്യുന്ന സമ്പന്ന ആത്മാവായി ഭവിക്കട്ടെ.**

ജീവിതത്തിൽ ഏതൊരു ആത്മാവിന്റെയും താല്പര്യം വൈവിദ്ധ്യമാണ്. അതിനാൽ മുഴുവൻ ദിവസവും ഭിന്ന–ഭിന്ന സംബന്ധങ്ങൾ, ഭിന്ന–ഭിന്ന സ്വരൂപങ്ങളുടെ വൈവിദ്ധ്യമായ അനുഭവം ചെയ്യൂ, എങ്കിൽ വളരെ രമണീയമായ ജീവിതത്തിന്റെ അനുഭവം ചെയ്യാം. ബ്രാഹ്മണ ജീവിതം ഭഗവാനിൽ നിന്ന് സർവ്വ സംബന്ധങ്ങളുടെയും അനുഭവം ചെയ്യുന്ന സമ്പന്ന ജീവിതമാണ്, അതിനാൽ ഏതൊരു സംബന്ധത്തിന്റെയും കുറവ് കാണരുത്. അഥവാ ഏതെങ്കിലും ചെറുതോ അല്ലെങ്കിൽ ദുർബ്ബലമായ ആത്മാവിന്റെ സംബന്ധം മിക്സായാൽ സർവ്വം എന്ന വാക്ക് സമാപ്തമായിപ്പോകും. എവിടെ സർവ്വവും ഉണ്ടോ അവിടെത്തന്നെയാണ് സമ്പന്നതയുള്ളത്. അതിനാൽ സർവ്വ സംബന്ധങ്ങളാലും സ്മൃതിസ്വരൂപരാകൂ.

**സ്ലോഗൻ:– ബാബക്ക് സമാനം അവ്യക്ത രൂപധാരിയായി പ്രകൃതിയുടെ ഓരോ ദൃശ്യത്തെയും നോക്കൂ എങ്കിൽ ചഞ്ചലതയിൽ വരില്ല.**